ലിഫ്റ്റു് ഇറിഗേഷൻ പദ്ധതി.

137. [3] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവാ ഇറിഗേഷൻ സബ് ഡിസ്ട്രിക്റ്റിൽപ്പെട്ട പുത്തുവാ ശ്രീരി പ്രദേശത്തു് കല്ലാഴി എന്ന പേരിൽ ഒരു ലിഫ്റ്റു് ഇറിഗേഷൻ പദ്ധതിക്കുവേണ്ടി നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) പദ്ധതിക്കു വേണ്ട സ്ഥലം സൗജന്യമായി നൽകിയിട്ടുണ്ടോ ;

(സി) ടി പദ്ധതി നടപ്പിലാക്കാൻ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഇല്ല.

(സി) പദ്ധതിയുടെ എസ്റ്റിമേറ്റു ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്.

വടയാർ കരിനിലങ്ങൾക്കുവേണ്ടിയുള്ള തോടു്.

138. [4] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവും കൃഷിയും‌വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടയാർ കരിനിലങ്ങൾക്കുവേണ്ടിയുള്ള തോടു് എന്നു പൂർത്തിയായി ;

(ബി) ആ തോട്ടിലെ ഷട്ടേഴ്സ് പണി എന്നാരംഭിച്ചു ;

(സി) ഇതേവരെ പൂർത്തിയായോ ; ഇല്ലെങ്കിൽ എന്തുകൊണ്ടു് ;

(ഡി) ഈ ഷട്ടേഴ്സിന്റെ Hoisting Equipment പൂർത്തിയാകാത്തതുകൊണ്ടാണോ ഇതേവരെ ഷട്ടേഴ്സിന്റെ പ്രവർത്തനം ആരംഭിക്കാത്തതു് ;

(ഈ) ഈ Hoisting Equipment–നെ സംബന്ധിച്ചു് ഇതേവരെ ഡിപ്പാർട്ടുമെൻറലായി നടത്തിയിട്ടുള്ള എഴുത്തുകുത്തുകളുടെ ഒരു സംക്ഷിപ്ത വിവരണം ഡേറ്റുസഹിതം തരുവാൻ ദയവുണ്ടാകുമോ ;

(എഫ്) ഈ പദ്ധതിയുടെ പ്രവർത്തനത്തിൽ നേരിട്ടിട്ടുള്ള കാലവിളംബത്തെപ്പറ്റി ഒരന്വേഷണം നടത്തി കാലവിളംബം വരുത്തിയവരുടെ പേരിൽ വേണ്ട നടപടി സ്വീകരിക്കുമോ ;

(ജി) ഈ തോട്ടിനാകെ എത്ര രൂപ ചെലവായി ;

(എച്ച്) Hoisting Euipment എത്ര രൂപ ചെലവുവരും ?

ഉത്തരം.

(എ) 1961 സെപ്റ്റംബറിൽ.

(ബി) 8–10–1956–ൽ ഷട്ടേഴ്സ് പണിക്കുള്ള ഓർഡർ കൊടുത്തു.

(സി, ഡി) ഷട്ടേഴ്സ് പണി തീർന്ന സ്ഥലത്തുവന്നിട്ടുണ്ടു്. ഇനി അതു് വച്ചുറപ്പിക്കേണ്ടതേയുള്ളു. ഷട്ടേഴ്സ് പണി തീർന്നുവരുവാനുണ്ടായ താമസം കൊണ്ടാണു് ഇതുവരെ പണി പൂർത്തിയാകാതിരുന്നതു്.

(ഈ) പൂർണ്ണവിവരണം മേശമേൽ വച്ചിട്ടുണ്ടു് †

(എഫ്) ഇതിനെക്കുറിച്ചു വേണ്ട നടപടികളും എടുക്കുന്നതാണു്.

(ജി) നാലു ലക്ഷത്തിമുപ്പത്തിരണ്ടായിരത്തി അമ്പത്തിയഞ്ചു രൂപ.

(എച്ച്) അതേസംബന്ധിച്ച വിവരം വർക്കുഷോപ്പു സൂപ്രണ്ടിൽനിന്നു ഇതേവരെ ലഭിച്ചിട്ടില്ല.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly